"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(കൈ) നം.80/2022/AGRI തീയതി,തിരുവനന്തപുരം, 24-09-2022

---

പരാമർശം:-

1. സ.ഉ (എം.എസ്) നം. 37/2017/കൃഷി തീയതി 22.03.2017
2. സ.ഉ (സാധാ) നം. 1066/2017/കൃഷി തീയതി 27.10.2017
3. സ.ഉ (എംഎസ്) നം. 1192/2017/കൃഷി തീയതി 13.12.2017
4. സ.ഉ (എംഎസ്) നം. 167/2017/കൃഷി തീയതി 28.12.2017
5. സ.ഉ (എം.എസ്) നം. 119/2018/കൃഷി തീയതി 26.09.2018
6. സ.ഉ (സാധാ) നം. 1198/2018/കൃഷി തീയതി 12.12.2018
7. സ.ഉ (സാധാ) നം. 360/2022/കൃഷി തീയതി 27.04.2022
8. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 31.01.2022, 02.06.2022 തീയതികളിലെ ADFW/4471/2022-TR2 നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പുനരാവിഷ്കരിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം 2 മുതൽ 7 വരെയുള്ള ഉത്തരവുകൾ പ്രകാരം പദ്ധതി മാനദണ്ഡങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം 8-ലെ കത്തുകൾ പ്രകാരം പുനരാവിഷ്കരിച്ച വിള ഇൻഷുറൻസ് പദ്ധതിയുടെ നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതികൾ / കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനായി ക്രോഡീകരിച്ച പ്രപ്പോസൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗത്വം, പദ്ധതി നടത്തിപ്പ്, പ്രീമിയം ശേഖരണം, വ്യവസ്ഥകളിൽ XII-ാമതായി ഉൾപ്പെടുത്തേണ്ട നോമിനേഷൻ വ്യവസ്ഥ കൂടി ഉൾപ്പെടുത്തുന്നത്, പ്രകൃതി ക്ഷോഭം, നഷ്ടപരിഹാരത്തിനായി കൈക്കൊള്ളേണ്ട നടപടിയിൽ - ഫണ്ട് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും നഷ്ടപരിഹാരം ശുപാർശ ചെയ്യുന്നത് സംബന്ധിച്ചും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അധികാരം സംബന്ധിച്ചും സംസ്ഥാന പുനരാവിഷ്കൃത വിള

ഇൻഷ്വറൻസ് പദ്ധതിയുടെ പരാമർശം 1 മുതൽ 7 വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകളിൽ ഭേദഗതികൾ/ കൂട്ടിച്ചേർക്കലുകൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഭേദഗതി/ കൂട്ടിച്ചേർക്കലുകൾ വരുത്തിയ വ്യവസ്ഥകൾ ഈ ഉത്തരവിന്റെ അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
പ്ലാനിംഗ് & ഇക്കണോമിക്സ് അഫയേഴ്സ് വകുപ്പ്
ധനകാര്യ വകുപ്പ് (17.08.2022 തീയതിയിലെ 115687115687/Agri-B1/188/2015-Fin പ്രകാരം)
വിവര പൊതുജന സമ്പർക്കവകുപ്പ് ( വെബ് & ന്യൂ മീഡിയ)
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ പിഎയ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി. എ.യ്ക്ക്

<u>അനുബന്ധം</u>

V. അംഗത്വം - അംഗത്വ അപേക്ഷയ്ക്കൊപ്പം നോമിനിയുടെ പേര് കൂടി ഉൾപ്പെടുത്തേണ്ടതാണ്.

VI. <u>പദ്ധതി നടത്തിപ്പ്</u>

ഖണ്ഡിക 2, 6 എന്നിവ താഴെപറയും പ്രകാരം ഭേദഗതി വരുത്തുന്നതോടൊപ്പം പുതുതായി ഖണ്ഡിക 7 കൂടി താഴെപറയും പ്രകാരം ഉൾപ്പെടുത്തുന്നു.

2. പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്ന കർഷകർ കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ സ്ഥലപരിശോധനക്ക് ശേഷം കർഷകർക്ക് ലഭിക്കുന്ന നിർദ്ദേശത്തിനനുസരിച്ച് പ്രീമിയം തുക ഒടുക്കി ചെല്ലാൻ എയിംസ് പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

7. പോളിസി ഓൺലൈനായി കർഷകർക്ക് ലഭിക്കുന്നതാണ്

IX. (എ) <u>നഷ്ട പരിഹാരത്തിനായി കൈക്കൊള്ളേണ്ട നടപടി</u>

ഖണ്ഡിക 1 താഴെപറയും വിധം ഭേദഗതി വരുത്തുന്നു.

അത്യാഹിതം സംഭവിച്ചാൽ 1 5 ദിവസത്തിനുള്ളിൽ നഷ്ടപരിഹാരത്തിനായി മാന്വൽ ആയി ഇൻഷ്വർ പോളിസി ലഭിച്ചവർ നിർദ്ദിഷ്ട ഫാറത്തിൽ കൃഷി ഭവനിൽ നേരിട്ടും ഓൺലൈൻ മുഖേന പോളിസി ലഭിച്ചവർ എയിംസ് മുഖേന അപേക്ഷ ഓൺലൈനായും സമർപ്പിക്കേണ്ടതാണ്.

(ബി) . നഷ്ടപരിഹാരം ശുപാർശ ചെയ്യാനുള്ള പരിധി എന്നുള്ളത് താഴെപ്പറയും പ്രകാരം തിരുത്തുന്നു.

(ബി) <u>നഷ്ടപരിഹാരം ശുപാർശ ചെയ്യുന്നത്</u>

എയിംസ് പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകൾ കൃഷി അസിസ്റ്റന്റ് മുതൽ തുക

അനുവദിക്കുന്നതിന് അധികാരമുള്ള ഉദ്യോഗസ്ഥ തലത്തിൽ വരെ ഓരോ ഉദ്യോഗസ്ഥരും ഓൺലൈനായി അതത് ലോഗ് ഇൻ -ൽ ശുപാർശ ചെയ്ത് ഫോർവേഡ് ചെയ്യേണ്ടതാണ്.

(സി). നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അധികാരം (നെല്ലൊഴികെ)

| ക്രമ നം. | തസ്തിക | തുക |
|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | Rs 10,000 വരെ |
| 2 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | Rs 10,001 മുതൽ Rs 50,000 വരെ |
| 3 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | Rs 50,001 മുതൽ Rs 4,00,000വരെ |
| 4 | കൃഷി ഡയറക്ടർ | Rs 4,00,001 മുതൽ Rs 5,00,000വരെ |
| 5 | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | Rs 5,00,000 ന് മുകളിൽ |

നെല്ലിന് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അധികാരം

| ക്രമ നം. | തസ്തിക | തുക |
|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | Rs 10,000 വരെ |
| 2 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | Rs 10,001 മുതൽ Rs 50,000വരെ |
| 3 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | Rs 50,001 മുതൽ Rs 4,00,000വരെ |
| 4 | കൃഷി ഡയറക്ടർ | Rs 4,00,001 മുതൽ ` Rs 10,00,000വരെ |
| 5 | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | Rs 10,00,000ന് മുകളിൽ |

X. പ്രീമിയം ശേഖരണം - പ്രോത്സാഹനം

താഴെ പറയുന്ന വ്യവസ്ഥ കൂടി ചേർക്കുന്നു

ഏജന്റ് കമ്മീഷൻ, ശേഖരിച്ച പ്രീമിയം തുകയിൽ നിന്നും ഏജന്റുമാർക്ക നൽകുന്നതിനുള്ള

അധികാരം പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കായിരിക്കും.

XII. <u>വ്യവസ്ഥകളിൽ താഴെ പറയും പ്രകാരം XII-ാമതായി നോമിനേഷൻ വ്യവസ്ഥ കൂടി ഉൾപ്പെടുത്തുന്നു.</u>

വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകൻ മരണപ്പെടുകയോ ചലനശേഷി നഷ്ടപ്പെട്ട് കിടപ്പിലാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ മാത്രം വിളനാശത്തിന്റെ നഷ്ടപരിഹാരത്തുകയ്ക്ക് വേണ്ടി നോമിനിക്ക് അപേക്ഷ നൽകി നഷ്ടപരിഹാരം കൈപ്പറ്റാവുന്നതാണ്. മറ്റു സാഹചര്യങ്ങളിൽ നോമിനി വ്യവസ്ഥ ബാധകമല്ല

<u>പ്രകൃതിക്ഷോഭം</u>

27/10/2017 തീയതിയിലെ സ. ഉ. (സാധാ) നം.1066/2017/ അഗ്രി ഉത്തരവ് പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥ കൂടി 12 ആയി ഉൾപ്പെടുത്തുന്നു.

12. കീടരോഗബാധ മൂലമുണ്ടാകുന്ന നാശനഷ്ടം (നെൽകൃഷിക്ക് മാത്രം).